"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റായി ശ്രീമതി. ബിന്ദു.എസ് (റിട്ട.)ന് കരാർ വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/P&ARD തീയതി,തിരുവനന്തപുരം, 14-02-2025

പരാമർശം:- 1. 13.11.2019 ലെ എസ്.ആർ.ഒ. നം.877/2019 നമ്പർ വിജ്ഞാപനം.

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാറുടെ 27.08.2024 തീയതിയിലെ 1286/എ1/2024/കെ.എ.റ്റി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ബഹു. കേരള ഹൈക്കോടതിയിലെ പ്രൈവറ്റ് സെക്രട്ടറി (HG) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. ബിന്ദു.എസ് ന് പുനർ നിയമന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ പരാമർശം (2) മുഖേന ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയിലെ പ്രൈവറ്റ് സെക്രട്ടറി (HG) തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. ബിന്ദു.എസ്-നെ, സർവ്വീസിൽ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കുറവ് ചെയ്ത തുക വേതനമായി നിശ്ചയിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ ചെയർമാന്റെയും മെമ്പർമാരുടെയും പേഴ്സണൽ അസിസ്റ്റന്റായി ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീമതി.ബിന്ദു.എസ്, 31/792-A3, ആകാശ് അപ്പാർട്ട്മെന്റ്, തിട്ടുന്നയിൽ ലെയിൻ (Thidunnayil Lane),പൊന്നുരുന്നി, വെറ്റില പി.ഒ,എറണാകുളം - 682 019.
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നം. 2914959 : EXP-B3/316/2024-ഫിൻ പ്രകാരം).
പൊതുഭരണ (എസ്.സി.)വകുപ്പ് (12.02.2025-ലെ ഇനം നം.2702 പ്രകാരം).
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ്&ന്യൂമീഡിയ) .
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Lekshmi D
Date: 15-02-2025 10:53:50
സെക്ഷൻ ഓഫീസർ

29

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-02-2025

31) ഫയൽ നം. എ.ആർ.12-2/61/2024/പി&എആർഡി. ഇനം നം: 2702

വിഷയം : ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റായി ശ്രീമതി. ബിന്ദു. എസ്.-ന്റെ പുനർനിയമനം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. സർവ്വീസിൽ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കുറവ് ചെയ്ത തുക വേതനമായി നിശ്ചയിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ ചെയർമാന്റെയും മെമ്പർമാരുടേയും പേഴ്സണൽ അസിസ്റ്റന്റായി ഒരു വർഷത്തേയ്ക്ക് ശ്രീമതി. ബിന്ദു.എസ്.-നെ (റിട്ട.) കരാർ വ്യവസ്ഥയിൽ നിയമിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

2702

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.എ.ആർ.12-2/61/2024-പി&എആർഡി |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ് |
| 3 | വിഷയം | : | പി&എആർഡി - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റായി ശ്രീമതി ബിന്ദു.എസ്. ന്റെ പുനർ നിയമനം സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.01.2025 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അതെ<br>ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി മിനിറാണി കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ.വീണ എൻ. മാധവൻ |
| 9 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ ജ്യോതിലാൽ |
| 10 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.01.2025 |
| 11 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.01.2025 |
| 13 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 14 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 06.02.2025 |
| 15 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.02.2025 |
| 16 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 17 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

൨3) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാനും അംഗങ്ങൾക്കുമായി പുനർ നിയമന അടിസ്ഥാനത്തിൽ പേഴ്സണൽ അസിസ്റ്റന്റിനെ നിയമിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

൨4) 2) 13.11.2019 -ലെ G.O.(P) No.9/2019/P&ARD (SRO No.877/2019) പ്രകാരം, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചെയർമാനും അംഗങ്ങൾക്കും PS/PA കളുടെ നിയമനം ഫീഡർ വിഭാഗത്തിൽ നിന്നായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് നിലവിൽ യോഗ്യതയുള്ളവർ ലഭ്യമല്ലെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

൨5) 3) 2019-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റാഫ് (റിക്രൂട്ട്മെന്റും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലെ ഷെഡ്യൂൾ I - ലെ ഡിവിഷൻ III-ന് കീഴിലുള്ള കുറിപ്പ് 2 അനുസരിച്ച്, നേരിട്ടുള്ള റിക്രൂട്ട്മെന്റിലൂടെയോ പ്രമോഷൻ വഴിയോ പ്രൈവറ്റ് സെക്രട്ടറി/പേഴ്സണൽ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് അനുയോജ്യരായ വ്യക്തികൾ ലഭ്യമല്ലാത്തപക്ഷം ബഹു.ഹൈക്കോടതി, മറ്റ് സർക്കാർ സർവ്വീസുകൾ എന്നിവയിലെ സമാന തസ്തികയിൽ നിന്നും അന്യത്രസേവനം മുഖേനയോ ഹൈക്കോടതി ജഡ്ജിമാരുടെ പ്രൈവറ്റ് സെക്രട്ടറി/പേഴ്സണൽ അസിസ്റ്റന്റ് അല്ലെങ്കിൽ സബോർഡിനേറ്റ് ജുഡീഷ്യൽ സർവീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിൽ വിരമിച്ചവരിൽ നിന്നും പുനർ നിയമനം വഴിയോ പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്താവുന്നതാണ്.

26) 4) കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ശ്രീമതി. ബിന്ദു.എസ് (റിട്ട) (PEN :600165),പ്രൈവറ്റ് സെക്രട്ടറി (ഹയർ ഗ്രേഡ്) -നെ 2019-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റാഫ് (റിക്രൂട്ട്മെന്റും സേവന വ്യവസ്ഥകളും) ചട്ടങ്ങളിലെ ഷെഡ്യൂൾ I - ലെ ഡിവിഷൻ III-ന് കീഴിലുള്ള കുറിപ്പ് 2 -ലെ വ്യവസ്ഥകൾ വിനിയോഗിച്ച് ചെയർമാന്റെയും അംഗങ്ങളുടെയും പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി പുനർ നിയമന വ്യവസ്ഥയിൽ തിരഞ്ഞെടുത്തതായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ സർക്കാരിനെ അറിയിച്ചിരിയ്ക്കുന്നു. ശ്രീമതി. ബിന്ദു.എസ് (റിട്ട)(PEN :600165),പ്രൈവറ്റ് സെക്രട്ടറി (ഹയർ ഗ്രേഡ്) കേരള ഹൈക്കോടതി 31.05.2023-ന് സർവീസിൽ നിന്ന് വിരമിച്ചിട്ടുണ്ട്.

27) 5) റൂൾസ് ഓഫ് ബിസിനസ്സിലെ 45(i) (ii) പ്രകാരം പുനർ നിയമന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള എല്ലാ പ്രൊപ്പോസലുകളും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച ശേഷം അനുമതിയ്ക്കായി മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണെന്ന് 14.10.2020-ലെ നമ്പർ.530/SC1/2020/GA(SC) നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

28) 6) വിഷയം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**"14/10/2020-ലെ Circular No.530/SC1/2020/GA(SC), 30/10/2020-ലെ Circular No.64/2020/Fin. എന്നിവയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ച് ശ്രീമതി.ബിന്ദുവിനെ Kerala Administrative Tribunal-ൽ പേഴ്സണൽ അസിസ്റ്റന്റായി ബഹു.മന്ത്രിസഭയുടെ അനുമതിയോടെ നിയമിക്കാൻ അനുമതി നൽകുന്നു. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരമാണ് (19.10.2016 ലെ സ.ഉ.(പി) നം.159/2016/ധന ഉത്തരവിന് അനുസൃതമായി പരിഷ്കരിച്ചത്) നിർണ്ണയിക്കേണ്ടത് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു".**

29) ശ്രീമതി. ബിന്ദു.എസ് (റിട്ട)(PEN :600165),പ്രൈവറ്റ് സെക്രട്ടറി (ഹയർ ഗ്രേഡ്) -നെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പുനർ നിയമന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയും ആയതിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുമുണ്ടായി.

**തീരുമാനിക്കേണ്ട കാര്യം**

30) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ ചെയർമാന്റെയും അംഗങ്ങളുടെയും പേഴ്സണൽ അസിസ്റ്റന്റായി ഒരു വർഷത്തേയ്ക്ക് ശ്രീമതി.ബിന്ദു.എസ് (റിട്ട.)(PEN : 600165) -ന് പുനർ നിയമന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം III ചട്ടം 100 -ലെ സേവന വേതന വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകാമോ?